# ബാബരി രേഖകൾ മുങ്ങിയതോ മുക്കിയതോ?

**ബാബരി** മസ്ജിദ് തകർത്തവർക്കെതിരായ കേസുകൾ ഒന്നിച്ചു വിചാരണചെയ്യാൻ ലഖ്നൗ കോടതിയിലേക്ക് മാറ്റുമെന്ന് ഇപ്പോഴത്തെ യു.പി മുഖ്യമന്ത്രി കഴിഞ്ഞ തെരഞ്ഞെടുപ്പുവേളയിൽ മുസ്‌ലിം സമുദായത്തോട് വാഗ്ദാനം ചെയ്തിരുന്നതാണ്. എൽ.കെ അദ്വാനി, മുരളി മനോഹർ ജോഷി, ഉമാഭാരതി, അശോക് സിംഗാൾ തുടങ്ങിയ പ്രമുഖരുൾപ്പെട്ട കേസുകൾ ലഖ്നൗ കോടതിയിലേക്ക് മാറ്റിയതായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചാലേ തുടരാൻ കഴിയൂ. മുലായം സിംഗ് ഗവൺമെന്റ് ഇനിയും ഈ വിജ്ഞാപനം ഇറക്കിയിട്ടില്ല. അതിനാൽ മസ്ജിദ് തകർത്ത് 14 വർഷം കഴിഞ്ഞിട്ടും കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ കഴിയാത്ത അവസ്ഥയാണുള്ളത്. രാജ്യത്തെ നീതിന്യായ വ്യവസ്ഥയുടെ ദയനീയ മുഖമാണിത് വെളിപ്പെടുത്തുന്നതെന്ന് ചൂണ്ടിക്കാട്ടിയ ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് അടുത്ത തെരഞ്ഞെടുപ്പിൽ സമാജ്‌വാദി പാർട്ടി ഈ വാഗ്ദത്തലംഘനത്തിന് കനത്തവില നൽകേണ്ടിവരുമെന്ന് മുന്നറിയിപ്പു നൽകിയിരിക്കുകയാണ്.

ഇതിനിടക്കാണ് അയോധ്യാ കേസുമായി ബന്ധപ്പെട്ട സുപ്രധാനമായ ചില രേഖകൾ കാണാതായിരിക്കുന്നുഎന്ന വാർത്ത പുറത്തുവന്നിരിക്കുന്നത്. ബാബരി മസ്ജിദ് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച തർക്കം ഇലാഹാബാദ് ഹൈക്കോടതിയുടെ ലഖ്നൗ സ്പെഷ്യൽ ബെഞ്ച് പരിഗണിച്ചുവരികയാണ്. സുന്നി സെൻട്രൽ വഖ്ഫ് ബോർഡിന്റെ അഭിഭാഷകൻ അഡ്വ. സഫരിയാബ് ജീലാനി ചില സർക്കാർ രേഖകളുടെ ഫോട്ടോകോപ്പികൾ കോടതിയിൽ സമർപ്പിക്കുകയും അവയുടെ ഒറിജിനലുകൾ ഹാജരാക്കാൻ ഗവൺമെന്റിനോടാവശ്യപ്പെടണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. തർക്കസ്ഥലത്തുണ്ടായിരുന്നത് മസ്ജിദാണെന്ന് അസന്ദിഗ്ധമായി സ്ഥാപിക്കുകയും ക്ഷേത്രമാണെന്ന വാദത്തെ ഖണ്ഡിക്കുകയും ചെയ്യുന്ന തെളിവുകളാണീ രേഖകൾ. 1949-ൽ ഫൈസാബാദ് ഡെപ്യൂട്ടി കമീഷണർ സംസ്ഥാന ചീഫ് സെക്രട്ടറിക്കയച്ച റിപ്പോർട്ടുകളും കുറിപ്പുകളുമാണതിൽ മുഖ്യം. 1949 ഡിസംബർ 22,23 അർധരാത്രി ഏതാനും ഹിന്ദുക്കൾ ബാബരി മസ്ജിദിൽ അതിക്രമിച്ചുകടന്ന് വിഗ്രഹങ്ങൾ സ്ഥാപിക്കുകയായിരുന്നുവെന്ന് ഈ റിപ്പോർട്ടുകളിൽ വ്യക്തമായി പറയുന്നുണ്ട്. മസ്ജിദിൽ സ്ഥാപിക്കപ്പെട്ട വിഗ്രഹങ്ങൾ എടുത്തുമാറ്റണമെന്ന് നിർദേശിച്ചുകൊണ്ട് അന്നത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അയച്ച ടെലിഗ്രാമും അതുപോലുള്ള മറ്റു പല രേഖകളും കൂട്ടത്തിലുണ്ട്. നെഹ്റുവിന്റെ നിർദേശം അന്നു നടപ്പിലാക്കപ്പെടുകയുണ്ടായില്ല.

അഡ്വ. ജീലാനിയുടെ അപേക്ഷ പരിഗണിച്ച കോടതി അന്നുതന്നെ അദ്ദേഹം സമർപ്പിച്ച രേഖകളുടെ ഒറിജിനലുകൾ ഹാജരാക്കാൻ യു.പി ഗവൺമെന്റിനോടാവശ്യപ്പെട്ടിരുന്നു. പലവട്ടം ആവർത്തിച്ചിട്ടും മറുപടിയുണ്ടായില്ല. ഒടുവിൽ സർക്കാറിന്റെ നിരുത്തരവാദിത്വത്തെ നിശിതമായി വിമർശിച്ചുകൊണ്ട് ചീഫ് സെക്രട്ടറിയോട് നേരിട്ട് ഹാജരായി വിശദീകരണം നൽകാൻ കൽപിക്കുകയായിരുന്നു കോടതി. അപ്പോഴാണ് മർമപ്രധാനമായ ഈ രേഖകളൊന്നും 'കാണാനില്ല' എന്ന വെളിപ്പെടുത്തലുണ്ടായിരിക്കുന്നത്. 'കാണാനില്ല' എന്നേ സർക്കാറിന് പറയാൻ കഴിയൂ. അങ്ങനെ രേഖകളൊന്നും ഇല്ല എന്നു പറയാനാവില്ല. കോടതിയിൽ സമർപ്പിക്കപ്പെട്ട രേഖകളെല്ലാം മുമ്പ് പല പുസ്തകങ്ങളിലും ഫോട്ടോ സഹിതം പ്രസിദ്ധീകരിച്ചിട്ടുള്ളതും പതിനായിരക്കണക്കിനാളുകൾ വായിച്ചിട്ടുള്ളതുമാണ്. അന്നൊന്നും ആരും അവയെ നിഷേധിച്ചിട്ടില്ല. ഡെപ്യൂട്ടി കമീഷണർക്കയച്ച റിപ്പോർട്ടുകളിൽ രണ്ടെണ്ണത്തിന്റെ ഓഫീസ് കോപ്പി ഇപ്പോഴും ഫൈസാബാദ് ജില്ലാ ഓഫീസിലുണ്ട്. അവയുടെയും സെക്രട്ടേറിയറ്റിൽ ഉണ്ടായിരിക്കേണ്ട ഒറിജിനലുകൾ 'കാണാനില്ല'.

നാലുവർഷം മുമ്പ് യു.പി ഭരിച്ചിരുന്നത് ബി.ജെ.പിയാണ്. ബാബരി കേസിന്റെ കാര്യത്തിൽ സുന്നി സെൻട്രൽ വഖ്ഫ് ബോർഡിന്റെ എതിർകക്ഷിയുടെ സ്ഥാനത്താണവർ. അത്തരമൊരു സർക്കാറിന്റെ അധീനതയിൽ വഖ്ഫ് ബോർഡിനനുകൂലമായ രേഖകൾ എത്രത്തോളം സുരക്ഷിതമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. രാമക്ഷേത്രം ബലാൽക്കാരം പള്ളിയായി മാറ്റപ്പെട്ടതാണ് ബാബരിമസ്ജിദ് എന്നു തെളിയിക്കാൻ വർഗീയവാദികൾ ഏറെ ശ്രമിച്ചതാണ്. ചരിത്രഗവേഷണങ്ങളും വിശകലന ചർച്ചകളും ഏറെ നടന്നു. പുരാവസ്തു ശാസ്ത്രജ്ഞർ മസ്ജിദിന്റെ അകവും പുറവും അതു സ്ഥിതി ചെയ്യുന്ന ഭൂമിയും അരിച്ചുപെറുക്കി പരിശോധിച്ചു. ഭൂമിക്കു പുറത്ത് ക്ഷേത്രത്തിന്റെ അടയാളങ്ങളില്ലെങ്കിൽ അടിയിലുണ്ടെന്നായി പിന്നെ. ഭൂഗർഭ ഉത്ഖനനത്തിന്റെ നീണ്ട മാമാങ്കം തന്നെ നടന്നു. മസ്ജിദ് നിന്നിടത്ത് ക്ഷേത്രമുണ്ടായിരുന്നുവെന്ന തങ്ങളുടെ വിശ്വാസം തന്നെയാണ് തെളിവ്, മതവിശ്വാസത്തിന് ഭൗതികമായ തെളിവ് ആവശ്യമില്ല എന്നാണ് ഒടുവിലത്തെ നിലപാട്. പക്ഷേ ജീവിച്ചിരിക്കുന്ന മനുഷ്യർ നഗ്നനേത്രങ്ങൾകൊണ്ട് കാണുന്ന യാഥാർഥ്യങ്ങളെ ഈ 'തെളിവു' വെച്ച് കോടതിയിൽ നിഷേധിക്കുക ബുദ്ധിമുട്ടാണ്. അത്തരം അനിഷേധ്യമായ തെളിവുകളെ ഇല്ലാതാക്കുകയാണ് ഈ ബുദ്ധിമുട്ടൊഴിവാക്കാനുള്ള ഒരേയൊരു മാർഗം. ബാബരി കേസ് സംബന്ധിച്ച സർക്കാർ രേഖകളുടെ തിരോധാനത്തിൽ ആ വഴിക്കുള്ള കുത്സിതമായ ഗൂഢാലോചനയുടെ മണമുണ്ട്.

'കാണാതായി'രിക്കുന്നത് അയോധ്യയിലെ വഖ്ഫ് ഭൂമിയിലുണ്ടായിരുന്നത് മസ്ജിദായിരുന്നുവെന്ന് മാത്രം തെളിയിക്കുന്ന രേഖകളല്ല. ആ മസ്ജിദ് എങ്ങനെ 'ക്ഷേത്ര'മായി മാറ്റപ്പെട്ടുവെന്നും അതിൽ തുടക്കം മുതലേ സർക്കാറും അതിന്റെ മെഷിനറികളും അഭിനയിച്ച നികൃഷ്ടവും വഞ്ചനാപരവും ലജ്ജാവഹവുമായ റോളുകളേതൊക്കെയാണെന്നും വിളിച്ചുപറയുക കൂടി ചെയ്യുന്ന രേഖകളാണ്. തുടക്കം മുതലേ വൻകോളിളക്കം സൃഷ്ടിക്കുകയും രാജ്യത്ത് വ്യാപകമായ കലാപങ്ങൾക്കിടയാക്കുകയും ചെയ്ത ഒരു പ്രശ്നവുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന സെക്രട്ടേറിയറ്റ് പോലൊരു ഉന്നത സ്ഥാപനത്തിൽനിന്ന് അപ്രത്യക്ഷമാകുന്നത് ബന്ധപ്പെട്ടവരുടെ കുറ്റകരമായ അനാസ്ഥയാണ്. അവ ഫയൽക്കൂനകൾക്കിടയിൽ മറഞ്ഞുകിടക്കുകയാണെങ്കിൽ കണ്ടെടുക്കാൻ ഉത്തരവാദപ്പെട്ടവർ സത്വര നടപടികളെടുക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ ബാബരി പ്രശ്നത്തിൽ സർക്കാറുകൾ ആടിക്കൊണ്ടിരിക്കുന്ന കപടനാടകത്തിന്റെ മറ്റൊരു രംഗമായിട്ടേ രേഖകളുടെ ഈ മാഞ്ഞുപോക്കിനെ മുസ്‌ലിംകൾ കാണുകയുള്ളൂ. ■